2026 ലെ ആദ്യദളം ആരാകണം എന്ന ചോദ്യം നവംബർ മാസം മുതൽ ആലോചിച്ചു തുടങ്ങിയതാണ്. ആയിടക്കാണ് മലയാളത്തിലെ മെഗാസ്റ്റാർ മമ്മൂട്ടി അഭിനയിച്ച കളങ്കാവൽ എന്ന ചിത്രം പുറത്തുവരുന്നത്. ആരോടോ ഈ ചിത്രത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയിലാണ് ഈ ചിത്രത്തിന് പിന്നിൽ ഒരു ബാങ്ക് ജീവനക്കാരൻ ഉണ്ടെന്നറിയുന്നത്. എന്നാൽ പിന്നെ ആ കലാകാരൻ തന്നെ ആകട്ടെ ഇരുപത്താറിലെ ആദ്യദളം എന്ന് അന്നേ തീരുമാനിച്ചതാണ്. വളരെ വ്യത്യസ്തമായ പ്രമേയം കൊണ്ടും അവതരണം കൊണ്ടും സിനിമാ പ്രേമികളുടെ മനസ്സ് കീഴടക്കിയ കളങ്കാവൽ എന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും തയ്യാറാക്കിയ ആ പ്രതിഭയെ ഈ വർഷത്തെ ആദ്യദളമായി അവതരിപ്പിക്കുന്നു.

ജിഷ്ണു ശ്രീകുമാർ
ബാങ്ക് ഓഫ് ബറോഡ
ശക്തൻ നഗർ ശാഖ
തൃശൂർ

തിരുവനന്തപുരം ബാലരാമപുരം സ്വദേശി ക്രൈംബ്രാഞ്ച് ഇൻസ്പെക്ടറായി റിട്ടയർ ചെയ്ത ശ്രീകുമാരൻ നായരുടെയും വീട്ടമ്മയായ ശ്രീജയുടെയും രണ്ടു മക്കളിൽ ഇളയ ആളാണ് ജിഷ്ണു.

മൂത്ത സഹോദരി പാർവതി രമേഷ് തിരുവനന്തപുരം എൻജിനീയറിങ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് അധ്യാപികയാണ്. ഭർത്താവ് ശ്രീ രമേഷ് കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാ മിഷൻ ഡയറക്ടറും.

ബാലരാമപുരത്ത് തന്നെയുള്ള ഒരു ഐ സി എസ് ഇ വിദ്യാലയമായ നസറത്ത് ഹോമിലാണ് ജിഷ്ണു പത്താംതരം വരെ തന്റെ സ്കൂൾ പഠനം പൂർത്തിയാക്കിയത്.
പ്ലസ് വൺ, പ്ലസ് ടു തിരുവനന്തപുരം നെല്ലിമൂട് ന്യൂ ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു. തുടർന്ന് ലൂർദ് മാതാ കോളേജ് ഓഫ് എൻജിനീയറിങ്ങിൽ നിന്നും ബിടെക് ബിരുദം കരസ്ഥമാക്കി.

ആ വർഷം തന്നെ എൽ ഐ സിയിൽ ഓഫീസർ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
മൈസൂറിൽ ആയിരുന്നു ആദ്യ നിയമനം. തുടർന്ന് ബാംഗ്ലൂരിലേക്ക് സ്ഥലംമാറ്റം ലഭിച്ചു . ആ കാലത്താണ് ബാങ്ക് ടെസ്റ്റ് എഴുതുന്നതും വിജയ ബാങ്കിൽ പ്രബേഷണറി ഓഫീസറായി
നിയമിതനാകുന്നതും.തിരുവനന്തപുരത്ത് വെള്ളറട ശാഖയിലായിരുന്നു ആദ്യ നിയമനം. അവിടെ നിന്നും കൊല്ലം ശാഖയിലേക്കും പിന്നീട് തൃപ്പൂണിത്തുറ ശാഖയിലേക്കും തുടർന്ന് വിജയാ ബാങ്കിന്റെ ബാംഗ്ലൂരിലുള്ള ഹെഡ് ഓഫീസിലേക്കും സ്ഥലം മാറ്റം ലഭിച്ചു.

2018ൽ ബാങ്കിന്റെ കൊല്ലം നീണ്ടകര ശാഖയിൽ ബ്രാഞ്ച് ഹെഡ് ആയി നിയമിക്കപ്പെട്ടു. 2019ൽ വിജയ ബാങ്ക്, ബാങ്ക് ഓഫ് ബറോഡയിൽ ലയിപ്പിക്കപ്പെട്ടു. ജിഷ്ണുവിന് ബാങ്ക് ഓഫ് ബറോഡ തിരുവനന്തപുരം റീജണൽ ഓഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 2022 മുതൽ ബാലരാമപുരം ശാഖയിലും തുടർന്നുള്ള ഒരു വർഷം തിരുവനന്തപുരം മെയിൻ ശാഖയിലും ജോലി ചെയ്തു. 2024 മുതൽ ഇപ്പോൾ ജോലി ചെയ്യുന്ന തൃശ്ശൂരിലെ ശക്തൻ നഗർ ശാഖയിൽ ജോലി ചെയ്യുന്നു.

സ്കൂൾ കാലഘട്ടത്തിൽ സാഹിത്യമത്സരങ്ങളിലായിരുന്നു ജിഷ്ണുവിന്റെ താൽപര്യങ്ങൾ. കഥ, കവിത, ലേഖനം, ഡിബേറ്റ് തുടങ്ങിയ മത്സരങ്ങളിൽ തന്റെ സാന്നിധ്യം ഉറപ്പുവരുത്തിയിരുന്നെങ്കിലും ഐ സി എസ് ഇ സ്കൂളിൽ സ്റ്റേറ്റ്, സി ബി എസ് ഇ സ്കൂളുകളെ പോലെ മറ്റ് സ്കൂളുകളുമായുള്ള മത്സരങ്ങൾ കുറവായിരുന്നതുകൊണ്ട് അത്തരം വേദികൾ ലഭ്യമായിരുന്നില്ല. എങ്കിലും ലഭ്യമായിരുന്ന അവസരങ്ങളിൽ ക്വിസ്, ഡിബേറ്റ് തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുക്കാനും സമ്മാനങ്ങൾ നേടാനും ജിഷ്ണുവിന് കഴിഞ്ഞിട്ടുണ്ട്.

കോളേജിൽ പഠിക്കുന്ന കാലത്താണ് ജിഷ്ണു സിനിമയെ സ്വപ്നം കണ്ട് തുടങ്ങിയത്. അന്നും ക്വിസ്സും ഡിബേറ്റും ഒക്കെ ഇഷ്ടമുള്ള മേഖലകൾ ആയിരുന്നെങ്കിലും ജിഷ്ണുവിന്റെ തന്നെ ഭാഷയിൽ പഠനത്തെക്കാൾ കൂടുതൽ സമയം ചെലവഴിച്ചിരുന്നത് സിനിമയെക്കുറിച്ച് പഠിക്കാനാണ്. അതിൽ താല്പര്യം ഉള്ള മറ്റ് സ്കൂളുകളിൽ നിന്നു വന്ന സുഹൃത്തുക്കളോടൊപ്പം വിദേശചിത്രങ്ങൾ കാണാനും അവയെ കുറിച്ചു പഠിക്കാനും അവയെ വിലയിരുത്താനും അവയെക്കുറിച്ചുള്ള ചർച്ചകളിൽ ഏർപ്പെടാനും ഒക്കെ ധാരാളം സമയം മാറ്റിവെച്ചു. സിനിമയെ വളരെ ഗൗരവമായി സമീപിക്കാൻ അത് പ്രേരണയായി.

കളങ്കാവൽ എന്ന ചിത്രത്തിന്റെ സംവിധായകൻ ജിതിൻ ജിഷ്ണുവിന്റെ സഹപാഠിയായിരുന്നു. രണ്ടുപേരും ഒരുമിച്ച് ഒരുപാട് സ്വപ്നങ്ങൾ കണ്ടു. പഠനശേഷം ഇരുവരും ചിത്രാഞ്ജലി സ്റ്റുഡിയോ പുറത്തിറക്കുന്ന സിനിമ കലാകാരന്മാരുടെ ഡയറക്ടറി വഴി പലരുമായും ബന്ധപ്പെടുകയും തങ്ങളുടെ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. സ്വാഭാവികമായും പ്രോത്സാഹിപ്പിച്ചവരും നിരുത്സാഹപ്പെടുത്തിയവരും ധാരാളം ഉണ്ടായി. രണ്ടുപേരും സമൂഹമാധ്യമങ്ങൾ വഴി സിനിമയെ കുറിച്ചുള്ള കുറിപ്പുകളും മറ്റുമിട്ട് ശ്രദ്ധേയരായി തുടങ്ങിയ കാലത്താണ് അത് വഴി ബന്ധപ്പെട്ട ശ്രീനാഥ് രാജേന്ദ്രൻ എന്ന സംവിധായകൻ ഇവരെ സിനിമയിലേക്ക് വഴിതെളിച്ചു കൊണ്ടുപോയത്.

അങ്ങനെയാണ് ശ്രീനാഥിന്റെ കുറുപ്പ് എന്ന ചിത്രത്തിന് കഥയും തിരക്കഥയും എഴുതിക്കൊണ്ട് ഇരുവരും ചലച്ചിത്ര രംഗത്തേക്ക് പ്രവേശിക്കുന്നത്. രണ്ടാമത്തെ സംരംഭമായ കളങ്കാവലിലേക്ക് കടക്കുമ്പോൾ ജിതിൻ തന്നെ സംവിധായകന്റെ മേലങ്കി അണിഞ്ഞു.

ഈ ചിത്രത്തിന് അവർ കണ്ടെത്തിയ നായകൻ പൃഥ്വിരാജ് ആയിരുന്നു . അദ്ദേഹത്തോട് സംസാരിക്കുമ്പോൾ അദ്ദേഹം ചിത്രം നിർമ്മിക്കാം എന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ വേഷത്തിലേക്ക് മമ്മൂട്ടിയെ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഇരുവരും മമ്മൂട്ടിയുമായി സംസാരിക്കുമ്പോൾ ഈ പ്രോജക്ട് പുതിയൊരു വഴിത്തിരിവിലേക്ക് കടക്കുകയാണ് ഉണ്ടായത്. പ്രതിനായക വേഷം മമ്മൂട്ടി തന്നെ ചെയ്യാമെന്നും ചിത്രം നിർമ്മിക്കാമെന്നും ഉറപ്പ് ലഭിക്കുകയും പൃഥ്വിരാജ് മറ്റൊരു ചിത്രത്തിന്റെ തിരക്കിലായതിനാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റോളിലേക്ക് വിനായകൻ കടന്നുവരികയും ചെയ്തു.

ചിത്രത്തെക്കുറിച്ച് ഈ ലേഖനത്തിൽ അധികം എഴുതണം എന്ന് തോന്നുന്നില്ല. തീയറ്ററിൽ തന്നെ 85 കോടിയോളം ഇതുവരെ ഈ ചിത്രം കളക്ട് ചെയ്ത് കഴിഞ്ഞു. ഓ ടി ടി ഉൾപ്പെടെയുള്ള വരുമാനം നൂറിൽ കവിഞ്ഞു എന്നാണ് കേൾവി.

ഈ ചിത്രത്തിന്റെ ചിത്രീകരണ സമയത്തെ മറക്കാൻ പറ്റാത്ത ഒരുപാട് നിമിഷങ്ങൾ ജിഷ്ണു ഓർത്തെടുക്കുന്നു.
മമ്മൂട്ടിയുടെ കഥാപാത്രം ഒരു തിരുവനന്തപുരംകാരൻ ആണ് എന്ന നിലയിൽ അദ്ദേഹത്തോട് സംസാരിക്കുമ്പോൾ രാജമാണിക്യത്തിലെ സ്ലാങ്ങാണ് അദ്ദേഹത്തിന്റെ ഓർമ്മയിൽ വന്നത്.
എന്നാൽ തിരുവനന്തപുരത്തെ ഭാഷ യഥാർത്ഥത്തിൽ വ്യത്യസ്തമാണെന്നും അതെങ്ങനെയാണ് അവതരിപ്പിക്കേണ്ടതെന്നും മമ്മൂട്ടിക്ക് പറഞ്ഞുകൊടുത്തത് ജിഷ്ണുവാണ്.
ഒന്നോ രണ്ടോ ദിവസം കൊണ്ട് വളരെ ക്ഷമയോടെ അത് കേൾക്കുകയും അതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ അത് കഥാപാത്രത്തിൽ സന്നിവേശിപ്പിക്കുകയും ചെയ്ത മമ്മൂട്ടിയുടെ വോയിസ് മോഡുലേഷനിലുള്ള അപാരമായ കഴിവ് തന്നെ ശരിക്കും അമ്പരപ്പിച്ചു എന്ന് ജിഷ്ണു പറയുന്നു.

ഷൂട്ടിങ്ങിന്റെ ആദ്യദിവസം സെറ്റിൽ എത്തിയ മമ്മൂട്ടി ജിതിനും ജിഷ്ണുവിനുമെല്ലാം തലയിൽ ഒരോ തൊപ്പി വെച്ചു കൊടുത്ത ആ നിമിഷം ഒരിക്കലും മറക്കാൻ കഴിയാത്തതാണെന്ന് ജിഷ്ണു.

അതുപോലെ തന്നെ മണി എന്നൊരു കഥാപാത്രത്തെ മമ്മൂട്ടി കൊല്ലുന്ന ഒരു രംഗമുണ്ട്. ആ രംഗത്ത് മമ്മൂട്ടി ഒരു സിഗരറ്റ് ചുണ്ടിൽ വയ്ക്കുകയും അത് കാറിന്റെ മറവിൽ ആയതുകൊണ്ട് വേണമെങ്കിൽ അത് അദ്ദേഹം തുപ്പി കളഞ്ഞോട്ടെ അങ്ങനെ നമുക്കത് ചിത്രീകരിക്കാം എന്നും പറയുമ്പോൾ അതിന്റെ ആവശ്യമില്ല ആ സിഗരറ്റ് കൊണ്ട് ഞാൻ മറ്റൊരു കാര്യം ചെയ്യാം എന്ന് മമ്മൂട്ടി പറയുകയും അതെന്താണെന്ന് അറിയാത്ത സംവിധായകന്റെയും തിരക്കഥാകൃത്തിന്റെയും മുന്നിൽ മണിയെ കൊല്ലുന്ന സമയത്ത് സിഗരറ്റ് അതും യഥാർത്ഥ സിഗരറ്റ് തന്നെ മമ്മൂട്ടി ചവച്ചു തുപ്പി കളയുന്ന ഒരു രംഗമുണ്ട്. അത് അദ്ദേഹത്തിന്റെ തന്നെ

മനസ്സിൽ തോന്നിയ ഒരു ആശയമാണ്.
ഷൂട്ട് കഴിയുമ്പോൾ യൂണിറ്റ് ഒന്നടങ്കം കയ്യടിച്ച ആ രംഗം ഉണ്ടാക്കിയ രോമാഞ്ചം...പറയുമ്പോൾ ഇന്നും തനിക്ക് രോമാഞ്ചം ഉണ്ടാകുന്നു എന്നാണ് ജിഷ്ണു പറഞ്ഞത്.

ഫഹദ് ഫാസിൽ, ദുൽഖർ സൽമാൻ, പൃഥ്വിരാജ്,ജയസൂര്യ, മധുപാൽ തുടങ്ങിയ അഭിനേതാക്കൾ മാർട്ടിൻ പ്രക്കാട്ട്, അൻവർ റഷീദ് തുടങ്ങിയ നിരവധി സംവിധായകർ ഇവരൊക്കെ ഈ ചിത്രത്തെ കുറിച്ചുള്ള അഭിപ്രായം പറയാൻ നേരിട്ട് വിളിക്കുകയും വളരെ നന്നായിരിക്കുന്നു ചിത്രം എന്ന് അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തപ്പോൾ മനസ്സ് നിറഞ്ഞു തുളുമ്പുകയായിരുന്നു എന്ന് ജിഷ്ണു. പുതിയൊരു ചിത്രത്തിന്റെ ചർച്ചകളിൽ ആണ് ജിഷ്ണുവും ജിതിനും.

ജിഷ്ണുവിനോട് ഈ വിവരങ്ങളൊക്കെ ചോദിച്ചറിയുമ്പോൾ ബാങ്ക് നടത്തുന്ന ഇന്റർ സോണൽ നാടക മത്സരത്തിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ ഒരു ടീമിന്റെ സംവിധായകനായി ജിഷ്ണു വാരണാസിയിലാണ്.റിഹേഴ്സലിന്റെയുംനാടകാവതരണത്തിന്റെയും ഒക്കെ ഇടയിൽ കിട്ടിയ ചുരുങ്ങിയ സമയങ്ങളിൽ ആണ് ജിഷ്ണു മനസ്സ് തുറന്നത്.

ഈ തിരക്കുകൾക്കിടയിലും യൂണിയനിലും സജീവമാണ് ജിഷ്ണു. ബാങ്കിലെ AIBOC യൂണിയന്റെ എറണാകുളം സോൺ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും AIBOC സംസ്ഥാന കമ്മിറ്റിയിൽ നിർവാഹക സമിതി അംഗവുമാണ്.

ജിഷ്ണുവിനും ജിതിനും ഒപ്പം എൻജിനീയറിങ്ങിന് പഠിച്ചിരുന്ന രശ്മിയാണ് 2016ൽ ജിഷ്ണുവിന്റെ ജീവിതത്തിന് തിരക്കഥ എഴുതാൻ കൂടെ കൂടിയത്. സിനിമയെ അത്രയേറെ സ്നേഹിക്കുന്ന ജിഷ്ണുവിന് എല്ലാവിധ പിന്തുണയും നൽകാൻ രശ്മി ഒപ്പമുണ്ട്. ജോലി വിട്ട് സിനിമയുടെ പിന്നാലെ പോയാൽ പോലും ജിഷ്ണുവിന്റെ പിന്നിലുണ്ടാകും എന്ന ഉറപ്പോടെ.
യു എസ് ടി ഗ്ലോബലിലെ ടീം ലീഡറാണ് രശ്മി.

ചെമ്പക സ്കൂളിലെ യു കെ ജി വിദ്യാർഥിയായ നീൽ ജിഷ്ണു മഹേശ്വറാണ് ഇവരുടെ ഏക പുത്രൻ.

സിനിമയിൽ പുതുമ കാത്തിരിക്കുന്ന പ്രേക്ഷകർക്ക് നിറഞ്ഞ മനസ്സോടെ സ്വീകരിക്കാൻ പുതുമയുള്ള കഥകളുമായി എത്താൻ ജിഷ്ണുവിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.
കഥയും തിരക്കഥയും എഴുതുന്നത് ഏറെ ഇഷ്ടമാണെങ്കിലും ഒരു സംവിധായകന്റെ തൊപ്പി അണിയുക, അത് ജിഷ്ണുവിന്റെ വലിയ ഒരു സ്വപ്നമാണ് . അതിന് ജിഷ്ണുവിന് കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ഹൃദയപൂർവ്വം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

Having been immersed in the cerebration since November as to who should be presented through this column at the outset in 2026, the quest eventually bore fruit, thanks to the release of the movie Kalankaval, starring the iconic actor Mammootty,which ,with it's striking novelty and thematic elegance,captivated movie buffs.

Unexpectedly, a casual conversation with someone about the movie led to the revelation that behind this artistic venture stood a bank employee. The realization which followed sparked an unwavering determination that the spotlight should be put first on this very artist:

Jishnu Sreekumar
Bank of Baroda
Sakthan Nagar branch
Thrissur.

Jishnu Sreekumar was born as the younger of two children unto late Mr Sreekumaran Nair, a retired Crime Branch Inspector, and Mrs Sreeja, a homemaker, hailing from Balaramapuram in Trivandrum. His elder sister, Mrs Parvathy Ramesh works as a Computer Science faculty at Engineering college, Trivandrum and her husband, Ramesh serves as the District Mission Director of Kudumbashree in Trivandrum.

Jishnu completed his schooling up to the tenth standard at Nazareth Home ICSE School in Balaramapuram. He pursued his Plus One and Plus Two at New Higher Secondary School,Nellimoodu,thereafter earning his B.Tech degree from Lourdes Matha College of Engineering.

In the same year, he was selected as an officer in LIC. His first posting was in Mysuru which was followed by a transfer to Bengaluru. Meanwhile he appeared for bank examinations and was appointed as a Probationary Officer at Vijaya Bank.

His professional trajectory led him to posting at the Vellarada branch in Thiruvananthapuram, followed by Kollam, Tripunithura, and Vijaya Bank’s Head Office in Bengaluru.

In 2018, he was appointed as Branch Head at Neendakara branch in Kollam. Subsequently,with the merger of Vijaya Bank to Bank of Baroda in 2019, he got transferred to Regional Office, Thiruvananthapuram. Since 2022, he worked at the Balaramapuram branch and thereafter at the Thiruvananthapuram Main Branch.He is currently posted at the Shakthan Nagar branch in

Thrissur.

During his school years, his interests primarily centred around literature including participation in story writing, poetry, essays, debates, etc. where he also won accolades.

It was during college days that he started dreaming about cinema, which he gave much focus.He started spending more time studying films than academics, particularly international cinema.

This motivated him to approach cinema with seriousness, evaluating films and engaging in discussions on films.

Jithin, the director of Kalankaval, was Jishnu's college mate who together shared several dreams.

Their formal entry into cinema came through Kurup, for which they wrote the story and screenplay. In the second project, Kalankaval, Jithin stepped into the role of director.

Prithviraj was initially identified as the protagonist of this project. During discussions ,he expressed his readiness to produce the film and proposed Mammootty for the role of the investigating officer. However, subsequent conversations with Mammootty revolutionized the direction of the project. Mammootty agreed to produce the film and portray the antagonist himself. Due to Prithviraj's professional commitments, Vinayakan assumed the role of the investigating officer.

The movie has achieved remarkable commercial success, collecting nearly ₹85 crore at the theatres, with total revenue including OTT revenues reportedly crossing ₹100 crore.

Jishnu reflects on numerous moments from the shoot.

Since Mammootty's character hails from Thiruvananthapuram,during his association with him he felt listening to the slang used in Rajamanikyam. Jishnu guided Mammootty with regard to usage of the slang and Mammootty absorbed the nuances pointed out by Jishnu with ease and incorporated them into his character with finesse. According to Jishnu, Mammootty's exceptional vocal dexterity was astonishing.

The gesture Mammootty made on the first day of shooting by donning hats on their heads remains etched in his memory.

One scene involves Mammootty's character killing a man named Moni. During this sequence Mammootty held a cigarette between his lips. Since the shot was framed from behind a car, it was suggested that he could discard the cigarette if required. However, he resorted to an alternative approach. Mammootty proceeded to chew and spit out a real cigarette during the act of killing Moni-an idea conceived entirely by him.

The entire unit burst into applause once the shot concluded. Jishnu opines that the moment still sends shivers down his spine.

Acclaimed actors like Fahadh Faasil, Dulquer Salmaan, Prithviraj, Jayasurya, Madhupal and the directors-Martin Prakkat and Anwar Rasheed conveyed their admiration for the film.

While imparting his reflections, Jishnu was in Varanasi playing his role as the director of a Kerala team participating in an inter-zonal drama competition organized by the bank. Amid his hectic schedule, he set aside time to speak candidly.

Jishnu remains actively involved in union-related responsibilities. He serves as the Deputy General Secretary of the Ernakulam Zone of AIBOC and is also an executive committee member at the state level.

Rashmi, who studied engineering alongside Jishnu and Jithin, accompanied Jishnu's life journey in 2016. She stands by him through all the ups and downs in life.Rashmi is currently employed as a Team Lead at UST Global.

Their only child, Neel Jishnu Maheshwar, is a UKG student at Chembaka School.

As the world of cinema expands day by day, we hope that Jishnu continues to deliver his artistic pursuits that resonate with freshness for us to witness with awe. While he derives immense satisfaction from writing stories and screenplays, donning the director's cap remains his passion. The Talented Bankers family extends its heartfelt wishes for Jishnu to realize all his dreams.